ലേഖനം:-

# പാഥേയം

**തൊടുപുഴ കെ. ശങ്കർ**

**ഒ**രിയ്ക്കൽ ഒരു യുവാവ്, അടുത്ത ഗ്രാമത്തിൽ വസിയ്ക്കുന്ന തന്റെ മാതുലനെ, അത്യാവശ്യമായി സന്ധിയ്ക്കുവാൻ അതിരാവിലെ തന്നെ പുറപ്പെട്ടു. കാട്ടിലേക്കുള്ള കുറുക്കുവഴികളിലൂടെ സഞ്ചരിക്കേണ്ടിയിരുന്നതിനാലും അന്നു സായാഹ്നത്തിൽ മാത്രമേ അവിടെയെത്തുകയുള്ളുവെന്നതിനാലും, കാൽനടയായി യാത്ര തിരിച്ച അയാൾക്ക് വഴിയിൽ ഭക്ഷിയ്ക്കുവാനുള്ള പാഥേയം (വഴിഭക്ഷണം) അയാളുടെ അമ്മ, നല്ല വാട്ടിയ ഇലയിൽ പൊതിഞ്ഞുകൊടുത്തിട്ട് വാത്സല്യപൂർവ്വം പറഞ്ഞു:

"മോനേ, കണ്ണിമാങ്ങയും, നാരങ്ങാക്കറിയും, മുളകുവറുത്തതും, പൊരിച്ച പപ്പടവും മറ്റും പ്രത്യേകം പ്രത്യേകം പൊതിഞ്ഞു വച്ചിട്ടുണ്ട്. കുടിയ്ക്കാൻ ഒരു കുപ്പിയിൽ വെള്ളവും ആ കൂടെയുണ്ട്. ഉച്ചയാകുമ്പോൾ ഏതെങ്കിലും മരത്തിന്റെ തണലിലിരുന്ന് എന്റെ മോൻ, സമാധാനമായിട്ടു കഴിച്ചോണം പട്ടിണിയിരിയ്ക്കരുത്. രാത്രിയിങ്ങു മടങ്ങിയെത്തുമല്ലോ". അമ്മയുടെ പാദം തൊട്ടുവന്ദിച്ച്, ജലദൈവത്തെ വണങ്ങി അയാൾ നടക്കാൻ തുടങ്ങി. സ്നേഹത്തോടും വാത്സല്യത്തോടും അവിടെ കൊടുത്തുവിട്ട് വിവിധതരത്തിലുള്ള ഉച്ചഭക്ഷണത്തിലൂടെ, അയാളുടെ മനസ്സ് അക്ഷമമായി പരതി നടന്നു.

"കൂട്ടാൻ ചോറ്, തൈരുചോറ്, കടുകുമാങ്ങ, കണ്ണിമാങ്ങ, മുളകുവറുത്തത്, പപ്പടം വറുത്തത്" വീണ്ടും വീണ്ടും ആലോചിയ്ക്കുന്തോറും അയാളുടെ അസ്വസ്ഥത കൂടിക്കൊണ്ടിരുന്നു. ഇവയെല്ലാം മറ്റാർക്കും കൊടുക്കാതെ തനിച്ചു ഭക്ഷിയക്കണം! സ്വാഭാവികമായും ഭക്ഷണപ്രിയനായ അയാൾ, എത്രയും വേഗം മദ്ധ്യാഹ്നമാകാൻ വേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

ഈശ്വരാ! വഴിയ്ക്ക് ആരും കൂടെ കൂടരുതേ! ഒരു മന്ത്രം പോലെ ഇതേ, അയാൾ ഉള്ളിൽ ഉരുവിട്ടുകൊണ്ടുമിരുന്നു. കയ്യിലിരിക്കുന്ന ഭക്ഷണത്തെപ്പറ്റി ആലോചിക്കുന്തോറും വായിൽ ഒരു ജലാശയം തന്നെ രൂപംകൊണ്ടുകൊണ്ടിരുന്നു. നിശ്ശബ്ദനായി ആ കൊതിവെള്ളം ഉള്ളിലേയ്ക്കിറക്കിക്കൊണ്ട് അയാൾ മുന്നോട്ടു നടന്നുകൊണ്ടിരിയ്ക്കുമ്പോൾ, പിന്നിൽ നിന്നൊരു ചോദ്യം:

"എന്താ സഹോദരാ, അടുത്ത ഗ്രാമത്തിലേയ്ക്കാണോ? എങ്കിൽ ഞാനുമുണ്ട്"! അയാൾ ജിജ്ഞാസയോടെ തിരിഞ്ഞുനോക്കിയപ്പോൾ ഒരാൾ വേഗം നടന്ന് ഒപ്പമെത്തി. അവർ രണ്ടുപേരും ചേർന്ന്, പലകാര്യങ്ങളും സംസാരിച്ചുകൊണ്ട് മുന്നോട്ടുനടന്നു.

അയാളും കൂടെയുണ്ടെന്നറിഞ്ഞപ്പോൾ യുവാവ് അസ്വസ്ഥനായിത്തുടങ്ങി. അയാൾ ചിന്തിയ്ക്കാൻ തുടങ്ങി. ഒരുമിച്ചിരുന്ന് ഉണ്ണേണ്ടി വരും. ഒരുപക്ഷേ, അയാൾ വഴി ഭക്ഷണം കരുതിയിട്ടില്ലെങ്കിൽ, തീർച്ചയായും തന്റെ ഭക്ഷണത്തിന്റെ ഒരംശം, അയാൾക്കും കൊടുക്കേണ്ടി വരും. അപ്പോൾ, തനിയ്ക്കുള്ള ഭക്ഷണം അല്പം കുറയും. പിന്നെ, അല്പംകൂടി വേണമെന്ന് ആവശ്യപ്പെടുകയാണെങ്കിൽ പിന്നെയും കുറയും. അയാൾ വഴിനീളെ സഹയാത്രികനെ വീണ്ടും വീണ്ടും ഉള്ളിൽ ശപിച്ചുകൊണ്ടേ നടന്നു. സംസാരിത്തിലുള്ള അശ്രദ്ധയും അലക്ഷ്യഭാവവും വിരസതയും കണ്ടപ്പോൾ സഹയാത്രികൻ ചോദിച്ചു.

"എന്താ സഹോദരാ സുഖമില്ലേ? സംസാരത്തിലൊരു ഉശിരില്ലല്ലോ."

"അതെ, അല്പം സുഖമില്ല". യുവാവു മറുപടി പറഞ്ഞു. എങ്കിലും അയാളുടെ സംഭാഷണം ശ്രദ്ധിയ്ക്കുണ്ടെന്നു വരുത്താൻ ഇടയ്ക്കിടെ വെറുതെ മൂളിക്കൊണ്ടുമാത്രമിരുന്നു. കൂടുതൽ സൗഹൃദമുണ്ടാകാതിരിക്കാൻ വളരെ മിതമായി മാത്രം സംസാരിച്ചു.

എങ്കിലും ഉച്ചഭക്ഷണത്തിലെ വിഭവങ്ങളുടെ ഓർമ്മ അയാളെ അക്ഷമനാക്കി. എവിടെയെങ്കിലും വച്ച്, അയാൾ വേറെ വഴിയ്ക്കു തിരിഞ്ഞുപോകാമെന്ന ഒരു നേരിയ പ്രതീക്ഷ അയാൾക്ക് മുന്നോട്ടു നടക്കാൻ ഉത്തേജനം നൽകി. പക്ഷേ, സഹയാത്രികൻ യുവാവിന്റെ ഉള്ളിരിപ്പറിയാതെ, നിസ്വാർത്ഥനായി അയാൾക്കൊപ്പം നടന്നുകൊണ്ടിരുന്നു.

അല്പം മുന്നോട്ടുപോയപ്പോൾ യുവാവു പറഞ്ഞു. "ഞാനീ മച്ചോട്ടിലിരുന്നല്പം വിശ്രമിച്ചിട്ടേ ഇനി മുന്നോട്ടുള്ളൂ. താങ്കൾ നടന്നുകൊള്ളൂ."

"ഓഹോ! എനിയ്ക്കും അല്പം വിശ്രമിയ്ക്കണം". സഹയാത്രികൻ പറഞ്ഞു.

"ശ്ശെടാ നാശമേ! ഇതു വലിയ പ്രശ്നമായല്ലോ!" അയാൾ ഉള്ളിൽ പിറുപിറുത്തുകൊണ്ട്

"എങ്കിൽ നടക്കാം. ഇരുന്നാൽ മടി പിടിയ്ക്കും" എന്നും പറഞ്ഞുകൊണ്ട് വീണ്ടും യാത്ര തുടർന്നു.

ഭക്ഷണത്തിന്റെ ചിന്തയോടൊപ്പം, സഹയാത്രികനെ എങ്ങനെ ഒഴിവാക്കാം എന്ന ആലോചനയും നടന്നുകൊണ്ടിരുന്നു. അല്പദൂരം പോയപ്പോൾ അയാൾ മറ്റൊരുപായം കണ്ടുപിടിച്ചു. വഴിയരികിൽ കണ്ട നദി കാട്ടിക്കൊടുത്തുകൊണ്ടു യുവാവു പറഞ്ഞു. "ഇനി ഞാനൊന്നു കുളിച്ചിട്ടേ മുന്നോട്ടുള്ളൂ. താങ്കൾ യാത്ര തുടർന്നു കൊള്ളൂ".

പക്ഷേ, സഹയാത്രികൻ പറഞ്ഞു "നല്ല കാര്യം ഞാനും ഒന്നു കുളിച്ചിട്ടേ ഇനി യാത്രയുള്ളൂ". അങ്ങനെ രണ്ടു ശ്രമവും വിഫലമായി. ഭക്ഷണത്തിന്റെ ചിന്ത വീണ്ടും വീണ്ടും അലട്ടാൻ ആരംഭിച്ചു. അല്പദൂരം പോയപ്പോൾ, വഴി രണ്ടായി തിരിഞ്ഞു. പിന്നെയും ഒരേ വഴിയ്ക്കാണ് പോകേണ്ടതെങ്കിലും യുവാവ്, തെറ്റായ തിരിവലേയ്ക്കു നടന്നു. "എനിയ്ക്കീ വഴിയാണു പോകേണ്ടത്. താങ്കൾ നടന്നുകൊള്ളൂ". അയാൾ യാത്ര തുടർന്നു. അങ്ങനെ സഹയാത്രികനെ ഒഴിവായിക്കിട്ടി.

ഇനി ഭാഗ്യം പരീക്ഷിയ്ക്കരുത്. അയാൾ അല്പം ദൂരെയുള്ള ഒരു മരത്തിന്റെ തണലിലിരുന്ന് ആർത്തിയോടെ എല്ലാം ഭക്ഷിച്ചു. ആർക്കും കൊടുക്കേണ്ടി വന്നില്ലല്ലോ! അയാൾ ദൈവത്തിനു നന്ദി പറഞ്ഞു. പക്ഷേ, മനസ്സിന്റെയുള്ളിൽ സംതൃപ്തിയ്ക്കൊപ്പം താൻ കാട്ടിയ സ്വാർത്ഥതയുടെ കുറ്റബോധം അയാളെ അലട്ടിക്കൊണ്ടേയിരുന്നു.

ഇതു തന്നെയാണു ലോകജീവിതവും കാണുന്നതെല്ലാം സ്വന്തമാക്കണം സ്വയം അനുഭവിയ്ക്കണം എന്ന സ്വാർത്ഥത മനുഷ്യന്റെ കൂടപ്പിറപ്പാണ്. അനുഭവിച്ചു കഴിഞ്ഞാൽ വിരക്തിയും വിരസതയും കുറ്റബോധവും മാത്രം അവശേഷിയ്ക്കും പഞ്ചേന്ദ്രിയങ്ങളുടെ പ്രേരണയ്ക്കൊത്തു മനുഷ്യൻ ചലിക്കുന്നു, അത് ക്ഷണികമാണെന്നറിയാതെ!

പക്ഷേ, ഒരിയ്ക്കലും അതൃപ്തിയോ, വിരക്തിയോ തോന്നാതെ വീണ്ടും വീണ്ടും അനുഭവിയ്ക്കുന്നതുമാണെന്നു തോന്നുന്ന ഒരേയൊരു അനുഭവം ആത്മീയത മാത്രം! അതു പങ്കിട്ടാലും കുറ്റബോധം തോന്നാറില്ല!

************